# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2089 | 08.12.2014-ൽ മറുപടിയ്ക്ക്

## കൊലക്കേസ് പ്രതി കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) പ്രോട്ടോക്കോളും ബ്ലൂബുക്ക് പ്രൊസിജിയറും മറികടന്ന് കൊലക്കേസ് പ്രതിയും ചന്ദനകള്ളക്കടത്ത് കേസിൽ ജയിലിൽ കിടന്നയാളും കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം എങ്ങനെയുണ്ടായെന്ന് വ്യക്തമാക്കാമോ;

(എ) 27.09.2014-ാം തീയതി രാവിലെ ഏതാണ്ട് 9.15 മണിയോടെ ശ്രീ.പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ.രാജ്നാഥ് സിംഗ് ക്ഷേത്രത്തിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ കയറാൻ തുടങ്ങുന്ന സമയം സന്തോഷ് എന്ന ബി.ജെ.പി. പ്രവർത്തകൻ ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള നാഷണൽ സെക്യൂരിറ്റി ഗ്രൂപ്പ് സേനാംഗങ്ങളുടേയും മുതിർന്ന സംസ്ഥാന ബി.ജെ.പി നേതാക്കളുടെയും സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കന്മാരുടെ അറിവോടും സമ്മതത്തോടും കൂടിയും ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയോടൊപ്പം ഉണ്ടായിരുന്ന കേന്ദ്ര സുരക്ഷാ അധികൃതരുടെ ലെയ്സൻ ഓഫീസറുടെ അനുമതിയോടുകൂടിയും ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ തലയിൽ തലപ്പാവ് അണിയിക്കുകയാണുണ്ടായത്. ഇത്തരത്തിൽ തലപ്പാവ് അണിയിക്കുന്നത് സംബന്ധിച്ച് ഒരു വിവരവും സംസ്ഥാന പോലീസ് അധികാരികളെയോ, സ്ഥലത്ത് സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയോ മുൻകൂട്ടി അറിയിക്കുകയോ മുൻകൂർ അനുവാദം

വാങ്ങുകയോ ചെയ്തിരുന്നില്ല. തലപ്പാവ് അണിയിക്കുന്ന സമയത്ത് സ്ഥലത്ത് കൂടിയിരുന്ന ബി.ജെ.പി. പ്രവർത്തകരുടെ കൂട്ടത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ചന്ദന മോഷണ കേസിൽ ഉൾപ്പെട്ടിരുന്ന പ്രതിയായ തിരുവനന്തപുരം കമലേശ്വരം ഗംഗാനഗർ പണയിൽ വീട്ടിൽ അപ്പുക്കുട്ടൻ നായർ മകൻ വിജയകുമാർ എന്ന ബി.ജെ.പി പ്രവർത്തകനും കൂടെയുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ കേന്ദ്ര സേനയ്ക്ക് യഥാവിധം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ സംസ്ഥാന പോലീസിന്റെ നടപടി പരിശോധിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ.രാജ്നാഥ് സിംഗിനൊപ്പം പ്രോക്സിമിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന പേഴ്സണൽ സെക്യൂരിറ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനുമായി ബി.ജെ.പി. പ്രവർത്തകർ ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ അറിവോടുകൂടിയാണ് തലപ്പാവ് അണിയിക്കുകയുണ്ടായത്. ആയതിനാൽ ഇതു സംബന്ധിച്ച് സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലാത്തതും ഇക്കാര്യത്തിൽ അന്വേഷണമോ മറ്റു നടപടികളോ സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

[signature]

സെക്ഷൻ ഓഫീസർ